



# സർഗ്ഗാത്മകതയും മനോരോഗങ്ങളും

സർഗ്ഗാത്മകത മനോരാഗങ്ങളുമായി അതിയായി ബന്ധപ്പെട്ടിരിക്കുന്നു എന്ന ആശയം അരിസ്റ്റോട്ടിലിന്റെ കാലഘട്ടത്തിൽതന്നെ പരക്കെ അറിയപ്പെട്ടിരുന്നു. ആധുനിക കാലത്തെ പല പഠനങ്ങളും ഇവയെ ശരിവയ്ക്കപ്പെടുന്നവയുമാണ്. ഐൻസ്റ്റീൻ, സാൽവദോർ ഡാലി, സിൽവിയ പ്ലാത്ത്, ബോബി ഫിഷർ എന്നിവരെല്ലാംതന്നെ ഫിസിക്സ്, കല, സാഹിത്യം, ചെസ്സ് തുടങ്ങിയ തീർത്തും വ്യത്യസ്തങ്ങളായ മേഖലകളിലായിരുന്നു തങ്ങളുടെ വൈഭവം തെളിയിച്ചതെങ്കിലും ഇവരിലെല്ലാംതന്നെ പൊതുവായ ചിലതു നമുക്ക് ദർശിക്കാം. ലോകത്തിനു മഹത്തായ സംഭാവനകൾ നൽകപ്പെട്ട ഈ പ്രതിഭകളുടെ മനസ്സുകളെ ബന്ധിപ്പിച്ചിട്ടുണ്ടായിരിക്കാവുന്ന പൊതുഘടകം ഒരു പക്ഷേ മനോരോഗങ്ങളായിരിക്കാമെന്ന് ഈയിടെ നടത്തപ്പെട്ട ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ശാസ്ത്രം മുതൽ കവിതവരെയും, ഗണിതശാസ്ത്രം മുതൽ ഫലിതം വരെയുമുള്ള എല്ലാ മേഖലകളിലെയും സർഗ്ഗശക്തിക്കു പിന്നിൽ വിവിധ മനോരോഗ ലക്ഷണങ്ങളായിരിക്കാം എന്ന് പഠനങ്ങൾ അനുമാനിക്കുന്നു.

പ്രതിഭാശാലികളായിരുന്ന ബ്രിട്ടീഷ്, ഐറിഷ് കവികളിൽ നടത്തപ്പെട്ട ഒരു പഠനത്തിൽ ഇവരിൽ വൈകാരിക രോഗങ്ങൾ (mood disorder), ആത്മഹത്യ എന്നിവ 20 മടങ്ങു കൂടുതലാണെന്നു കണ്ടെത്തുക

യുണ്ടായി. വ്യത്യസ്തങ്ങളായ മേഖലകളിൽനിന്നുമുള്ള 291 മഹനീയമായ സർഗ്ഗശക്തിയുള്ള വ്യക്തികളിൽ നടത്തപ്പെട്ട മറ്റൊരു പഠനത്തിൽ 69% പേരിൽ ഏതെങ്കിലും വിധത്തിലുള്ള മനോവൈകല്യം ഉണ്ടെന്നും കണ്ടെത്തുകയുണ്ടായി. കലാകാരന്മാരിലും സാഹിത്യകാരന്മാരിലും മനോരോഗം കൂടുതലായി കാണപ്പെട്ടപ്പോൾ ശാസ്ത്രജ്ഞന്മാരിൽ താരതമ്യേന കുറവായിരുന്നു. താരതമ്യേന ലഘു മനോരോഗങ്ങളാണ് സർഗ്ഗസൃഷ്ടിയെ പോഷിപ്പിക്കുന്നതെന്നും, കഠിനമായ മനോരോഗങ്ങൾ സർഗ്ഗശക്തിയെ ക്ഷയിപ്പിക്കുന്നുവെന്നും ഗവേഷണങ്ങൾ കാണിക്കുന്നു. വിവിധ മനോരോഗങ്ങൾ സർഗ്ഗശക്തിയിൽ വിവിധ ഫലങ്ങളാണ് ഉണ്ടാക്കുന്നത്. ആപേക്ഷിക സിദ്ധാന്തത്തിനു ആവശ്യമായ സർഗ്ഗശക്തി ചിത്രകലക്കോ കവിതാ രചനയ്ക്കോ ആവശ്യമായ സർഗ്ഗശക്തിയിൽനിന്നും തീർത്തും വിഭിന്നമായിരിക്കും.

ഉന്നതമായ സർഗ്ഗശക്തിയുള്ള വ്യക്തികളുടെ ജീവിതത്തെക്കുറിച്ച് പഠനം നടത്തപ്പെട്ടപ്പോൾ അവരിൽ മനോരോഗം ഉള്ളവരുടെ എണ്ണം പ്രതീക്ഷിക്കപ്പെട്ടതിലും കൂടുതലായിരുന്നു. മാത്രമല്ല സർഗ്ഗശക്തിയുള്ളവരിലും മനോരോഗികളിലും പൊതുവായ ചില അസാധാരണ ആശയങ്ങളും അനുഭവങ്ങളും ഉള്ളതായി കണ്ടെത്തുകയും ചെയ്തു. വിവിധ സർഗ്ഗശക്തികൾക്കു വിവിധ തലത്തിലുള്ള ചിന്താപ്രവർത്തനങ്ങളാണ് ആവശ്യമെന്നും പ്രസ്തുത പഠനം കണ്ടെത്തുകയുണ്ടായി. കഥ, കവിത എന്നീ രചനകൾക്ക് സ്കീസോഫ്രീനിയ, വൈകാരിക രോഗങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന വ്യത്യസ്ത ദിശകളിലേക്ക് ഒരേ സമയം സഞ്ചരിക്കുന്ന ചിന്തകളുമായി (divergent thinking) ബന്ധം ഉണ്ടെന്നും പ്രസ്തുത പഠനം കണ്ടെത്തി.

## ഉൻമാദ – വിഷാദരോഗവും സർഗ്ഗവൈഭവവും

ജാമിസൺ (1989), ജങ്ക (2004) തുടങ്ങിയ ഗവേഷകർ നടത്തിയ പഠനങ്ങളിൽ സാഹിത്യകാരന്മാർ, കവികൾ, കലാകാരന്മാർ, ഗാനരചയിതാക്കൾ എന്നിവരിൽ പൊതുസമൂഹത്തിലേതിനേക്കാൾ വളരെ കൂടുതൽ വിഷാദരോഗം, ഉന്മാദ-വിഷാദരോഗം തുടങ്ങിയ മനോരോഗങ്ങൾ ഉള്ളതായി കണ്ടെത്തി. 1970-കളിൽ ലോവ യൂണിവേഴ്സിറ്റിയിലെ നാൻസി  ആൻഡ്രിയേസൻ സർഗ്ഗവൈഭവമുള്ള 30 സാഹിത്യകാരന്മാരിൽ പഠനം നടത്തിയപ്പോൾ അവരിൽ 80 ശതമാനംപേരും ഒരിക്കലെങ്കിലും വിഷാദത്തിനോ, ഉന്മാദത്തിനോ അടിമപ്പെട്ടിരുന്നുവെന്ന് കണ്ടെത്തി. ഗവേഷകനായ കെയ്റെഡിഫീൽഡ് ജാമിസൻ റോയൽ അക്കാദമിയിലെ 47 ബ്രിട്ടീഷ് സാഹിത്യകാരന്മാരിലും ചിത്രകാരന്മാരിലും, ശിൽപികളിലും നടത്തിയ പഠനത്തിൽ 38 പേരും ഉന്മാദ-വിഷാദ രോഗത്തിനു ചികിത്സ തേടിയിരുന്നവരായിരുന്നുവെന്ന് കണ്ടെത്തുകയുണ്ടായി.




ഡോ. പി.എൻ. സുരേഷ്കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി, കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട്.
ചെയർമാൻ, തണൽ ഫൗണ്ടേഷൻ ട്രസ്റ്റ് ഫോർ സൂയിസൈഡ് പ്രിവൻഷൻ.
കൺവീനർ, ഐ.എം.എ കമ്മിറ്റി ഫോർ മെന്റൽ ഹെൽത്ത്.

drpnsuresh@gmail.com
Mob: 9447218825




ഹാർവാർഡ് സർവ്വകലാശാലയിൽ നടത്തപ്പെട്ട ഒരു പഠനത്തിൽ ഉന്മാദ-വിഷാദ രോഗമുള്ളവരിലെ സർഗ്ഗശക്തി മറ്റുള്ളവരേക്കാൾ കൂടുതലാണെന്നു കണ്ടെത്തപ്പെട്ടു. കലാകാരന്മാരിലും സാഹിത്യകാരന്മാരിലും പഠനം നടത്തിയപ്പോൾ ഇത്തരക്കാരിലെ ആത്മഹത്യാ പ്രവണത പൊതുസമൂഹത്തിനേക്കാൾ 18 മടങ്ങു കൂടുതലാണെന്നും വിഷാദരോഗം ഇവരിൽ 8 മുതൽ 10 മടങ്ങു കൂടുതലാണെന്നും ഉന്മാദ-വിഷാദരോഗം 10 മുതൽ 20 മടങ്ങു കൂടുതലാണെന്നും കാണപ്പെട്ടു. ഈ പഠനങ്ങളിൽനിന്നെല്ലാം ഉന്മാദവിഷാദരോഗവും സർഗ്ഗപ്രതിഭയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യം സുവ്യക്തമാണ്.



ഉന്മാദാവസ്ഥയിൽ സംഭവിക്കുന്ന ചിന്താരീതിയിലുള്ള വർദ്ധനവും പ്രസരിപ്പും സർഗ്ഗാത്മകമായ സൃഷ്ടികൾക്ക് പ്രേരണയാകുന്നു. ഉയർന്ന സർഗ്ഗശക്തിയുള്ളവരുടെ ചിന്താപ്രക്രിയയിലും സമാനമായ മാറ്റങ്ങളാണ് കണ്ടുവരുന്നതെന്ന് പഠനങ്ങൾ കാണിക്കുന്നു. ഉന്മാദാവസ്ഥയുള്ള വ്യക്തികൾ പലപ്പോഴും ഈ അവസ്ഥ ഇല്ലാത്ത വ്യക്തികളേക്കാൾ കൂടുതലായി കവിതാത്മകമായി, പ്രാസത്തിൽ സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു. മാത്രമല്ല ഉന്മാദ-വിഷാദ രോഗികളിൽ ഉന്മാദം പ്രകടമാകുന്ന അവസരങ്ങളിലെ ജീവിതശൈലി ഉയർന്ന സർഗ്ഗശക്തിയുള്ളവരുടേതിനു സമാനവുമാണ്. ഉറക്കക്കുറവ്, അമിത ആവേശം എന്നിവ ഇക്കൂട്ടരിലും കാണപ്പെടുന്നു. ജീവശാസ്ത്രപരമായി നോക്കിക്കാണുമ്പോൾ ഉന്മാദാവസ്ഥ ശാരീരികമായും മാനസികമായും ഊർജ്ജസ്വലതയുള്ള ഒരവസ്ഥയാണ്. എന്തിനും ശേഷിയുണ്ടെന്ന തോന്നൽ ഇത്തരം അവസ്ഥയിലുള്ള വ്യക്തികൾക്ക് അവരുടെ സർഗ്ഗശേഷി വർദ്ധിക്കുവാൻ കാരണമാകുന്നു. സാധാരണ വ്യക്തികളെ സാധാരണ അവസരങ്ങളിൽ ഇത്തരം അസാധാരണ പെരുമാറ്റങ്ങളിൽനിന്നും പിന്തിരിപ്പിക്കുന്ന നിയന്ത്രണങ്ങൾ ഉന്മാദാവസ്ഥയിൽ ഇല്ലാത്തതുകൊണ്ട് അവർക്കു സർഗ്ഗപ്രതിഭകളാകുവാൻ സാധിക്കുന്നു. കല, സാഹിത്യം, സംഗീതം എന്നീ മേഖലകളിൽ സാധാരണ വ്യക്തികൾക്ക് ഗ്രഹിക്കുവാനോ ആസ്വദിക്കുവാനോ കഴിയാതെ പോകുന്ന ഭാഗങ്ങൾ ഇത്തരം അവസ്ഥയിൽ ഇവർക്കു ഗ്രഹിക്കുവാൻ സാധിക്കും.

വിഷാദ രോഗികളുടെ വിഷാദഘട്ടങ്ങളിൽ മൂകതയും, നിയന്ത്രണങ്ങളും പ്രതിബന്ധങ്ങളും മാത്രം മുന്നിൽ കാണുന്നതുമൂലം ഇവർക്ക് നിസ്സഹായത അനുഭവപ്പെട്ടു തുടങ്ങുന്നു. ഈ നിസ്സഹായതയിൽനിന്നും സർഗ്ഗശക്തി ഉടലെടുക്കാം. ഈ അവസ്ഥയിൽ തങ്ങളുടെ വിഷാദഘട്ടത്തെ അതിജീവിക്കുന്നതിനായുള്ള ഏകമാർഗ്ഗം തങ്ങളുടെ നൈരാശ്യബോധത്തെ സർഗ്ഗശേഷിയിലൂടെ സ്വതന്ത്രമാക്കപ്പെടുക എന്നതു മാത്രമാണ്. വിദൂഷകരിൽ (comedians) നല്ല ഒരു പങ്കും വിഷാദം അനുഭവിക്കുന്നവരുണ്ട്. വിഷാദം കുറയ്ക്കുന്നതിനായി കോമഡി ഇവരെ സഹായിക്കുന്നു.

തങ്ങളുടെ മനോരോഗത്തിനായി ചികിത്സ നടത്തപ്പെടുമ്പോഴും ഉന്മാദ-വിഷാദ രോഗികൾ ഉയർന്ന സർഗ്ഗശക്തി കാണിക്കപ്പെടുന്നു എന്നതും പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്. തങ്ങളുടെ സർഗ്ഗവൈഭവത്തെ ഔഷധങ്ങൾ ഇല്ലാതാക്കിക്കളയുമോ എന്നു ഭയന്നു പല രോഗികളും മനോരോഗത്തിനുള്ള ഔഷധങ്ങൾ കഴിക്കുവാൻ ഭയപ്പെടുന്നു.


# സ്കീസോഫ്രീനിയ പോലുള്ള മനോരോഗങ്ങൾ


സ്കീസോഫ്രീനിയ രോഗം ബാധിക്കപ്പെട്ട നോബൽ സമ്മാന ജേതാവായ ഡോ. ജോൺ ഫോർബ്സ് നാഷ് ജൂനിയർ എന്ന ഗണിത ശാസ്ത്രജ്ഞനെക്കുറിച്ചുള്ള 'A beautiful mind' എന്ന ചലച്ചിത്രത്തിൽ സർഗ്ഗശേഷിയും മനോരോഗവുമായുള്ള ബന്ധം വളരെ വ്യക്തമായി കാണിക്കുന്നുണ്ട്. മിഥ്യാനുഭവങ്ങൾ (hallucination), മിഥ്യാചിന്തകൾ (delusions) എന്നിവകൾകൊണ്ട് വിഷമിച്ചക്കുമ്പോഴും തന്റെ സാങ്കല്പിക ലോകത്ത് ഗണിതശാസ്ത്ര സൂത്രവാക്യങ്ങൾ കുത്തിക്കുറിച്ചതാണ് അദ്ദേഹത്തിന് നൊബേൽ സമ്മാനം നേടിക്കൊടുത്തത്.

ഒരേ സമയം വ്യത്യസ്ത ദിശകളിലേക്ക് പോകുന്ന ചിന്ത ആവശ്യമുള്ള പ്രവൃത്തികളിൽ സ്കീസോഫ്രീനിയ രോഗികൾക്ക് മറ്റുള്ളവരേക്കാൾ അധികം പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് ഗവേഷണങ്ങൾ കാണിക്കുന്നു. വ്യത്യസ്ത ദിശകളിലേക്കു സഞ്ചരിക്കുന്ന ചിന്ത സർഗ്ഗശക്തിയുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്ന ഒന്നുമാണ്. സ്കീസോഫ്രീനിയ രോഗികൾ, സാധാരണജനങ്ങൾ, കലാകാരന്മാർ എന്നിവർക്കിടയിൽ സർവ്വേ നടത്തപ്പെട്ടപ്പോൾ 'അസാധാരണചിന്തകൾ' സ്കീസോഫ്രീനിയരോഗികളിലും കലാകാരന്മാരിലും കൂടുതലാണെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ 'introvertive anhedonia'യുടെ (സാമൂഹിക പിൻവാങ്ങലും, വൈകാരിക ശൂന്യതയും) കാര്യത്തിൽ കലാകാരന്മാരും സ്കീസോഫ്രീനിയ രോഗികളും തീർത്തും വ്യത്യസ്തമായിട്ടായിരുന്നു സ്കോർ ചെയ്തത്. കലാകാരന്മാർ ഇക്കാര്യത്തിൽ സാധാരണ ജനത്തെപോലെ കുറഞ്ഞ സ്കോറാണ് നേടിയത്.

വ്യത്യസ്തതരം സർഗ്ഗശക്തികൾ മതിഭ്രമവുമായി ബന്ധപ്പെട്ട അസുഖങ്ങളായ സ്കീസോഫ്രീനിയ, സ്കീസോഫ്രീനിയയുടെ അംശങ്ങൾ ഉള്ള മറ്റ് സൈക്കോട്ടിക് രോഗങ്ങൾ വൈകാരിക വ്യക്തി വൈകല്യങ്ങൾ എന്നിവയിൽ കൂടിയാണോ അതോ ഓട്ടിസം മുതലായ സാമൂഹിക പിൻവാങ്ങലുകളിലൂടെയാണോ കടന്നുവരുന്നതെന്ന കാര്യത്തിൽ ഇപ്പോൾ ഗവേഷണങ്ങൾ കേന്ദ്രീകരിച്ചിരിക്കുകയാണ്. ന്യൂകാസിൽ സർവ്വകലാശാലയിൽ നടത്തപ്പെട്ട പഠനങ്ങളിൽ കലാപരമായ സർഗ്ഗശക്തിയുള്ള വ്യക്തികളും ഗണിതശാസ്ത്രജ്ഞന്മാരും തമ്മിൽ കാര്യമായ വ്യത്യാസമുള്ളതായി കണ്ടെത്തി. കലാകാരന്മാരിൽ മതിഭ്രമത്തിന്റെ അംശങ്ങൾ കൂടുതലായി കണ്ടപ്പോൾ ഗണിതശാസ്ത്രജ്ഞന്മാരിൽ ഓട്ടിസത്തിന്റെ ലക്ഷണങ്ങളാണ് കാണപ്പെട്ടത്.


ഡോ. ജോൺ ഫോർബ്സ് നാഷ് ജൂനിയർ


ന്യൂട്ടൻ


ഐൻസ്റ്റീൻ

ന്യൂട്ടന്റെയും ഐൻസ്റ്റീന്റെയും ഉൾവലിഞ്ഞ മനോഭാവം ശാസ്ത്രലോകത്ത് വിപ്ലവകരമായ നേട്ടങ്ങളുണ്ടാക്കുവാൻ അവരെ പ്രാപ്തരാക്കി. മതിഭ്രമത്തിന്റെ അല്പമെങ്കിലും അംശമില്ലാത്ത മഹാപ്രതിഭകളില്ല. സാൽവദോർ ഡാലി ഒരു മഹാ കലാകാരൻ മാത്രമായിരുന്നില്ല. സ്കീസോഫ്രീനിയ, വിഷാദരോഗം, സാമൂഹ്യവിരുദ്ധ സ്വഭാവം, അമിത വികാരപ്രകടനം, സ്വാർത്ഥപ്രേമം തുടങ്ങി ഒട്ടേറ വൈകല്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. വൈകല്യങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഒരുപക്ഷേ കലയുടെ ചരിത്രത്തിൽ ഇത്രയേറെ സംഭാവനകൾ നൽകപ്പെടുവാൻ സാധിക്കുമായിരുന്നില്ല.

# സർഗ്ഗശക്തിയും മനോരോഗങ്ങളും – ജീവശാസ്ത്രപരമായ അടിസ്ഥാനം

അമേരിക്കൻ മനോരോഗശാഖയുടെ സ്ഥാപകനായ ബഞ്ചമിൻ റഷിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ''തലച്ചോറിന്റെ പ്രകൃത്യാതീതമായി ഉയർന്നുനിൽക്കുന്ന മുൻ ഭാഗത്തുനിന്നും ചില അവസരങ്ങളിൽ അസാധാരണമായ ശക്തിയും ഇതുവരെ പ്രകടിപ്പിക്കപ്പെട്ടിട്ടില്ലാത്ത പല പ്രാഗല്ഭ്യങ്ങളും പ്രകടമാക്കപ്പെടുന്നു. വാഗ്മിത്വം, കവിത, സംഗീതം, പെയിന്റിംഗ് എന്നിവകളിലുള്ള പാടവവും പലതരം യാന്ത്രികകല (mechanical arts) കളിൽ ഉള്ള അസാധാരണമായ വൈഭവവും പലപ്പോഴും ഈ മതിഭ്രമത്തിന്റെ അവസ്ഥയിൽ വെളിപ്പെടുന്നു.

സർഗ്ഗശേഷിയുള്ളവരുടെ മസ്തിഷ്കം ചുറ്റുപാടുകളിൽനിന്നു കടന്നുവരുന്ന ഉദ്ദീപനങ്ങൾക്കായി കൂടുതൽ തുറന്നിട്ടിരിക്കുന്ന ഒന്നാണ്. സാധാരണ വ്യക്തികളിലെ മസ്തിഷ്കം ഇതേ വിവരങ്ങളെ 'latent inhibition' എന്നറിയപ്പെടുന്ന പ്രക്രിയയിലൂടെ ബഹിഷ്കരിക്കപ്പെടുന്നു. സർഗ്ഗശേഷിയുള്ള വ്യക്തികളിൽ ചെറിയ അളവിൽമാത്രമേ latent inhibition ഉള്ളൂ എന്ന് മനശാസ്ത്രപരമായ പരീക്ഷണങ്ങളിലൂടെ ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതായത് സർഗ്ഗശക്തിയുള്ള വ്യക്തികൾ ചുറ്റുപാടുകളിൽനിന്നും നിരന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന വിവരങ്ങളുമായി സമ്പർക്കത്തിൽ തുടരുന്നു. സാധാരണ വ്യക്തി ഒരു വസ്തുവിനെ തിരിച്ചറിഞ്ഞതിനുശേഷം അതു താൻ ചിന്തിക്കുന്നതിനേക്കാൾ വളരെ കൂടുതൽ സങ്കീർണ്ണവും താൽപര്യം ജനിപ്പിക്കുന്നതുമായ ഒന്നാണെങ്കിൽ പോലും അതിനെ പെട്ടെന്ന് വിസ്മരിച്ചുകളയുന്നു. ഉയർന്ന ബുദ്ധിശക്തിയും ഓർമ്മശക്തിയുമായി കൂടിചേരുമ്പോൾ latent inhibition എന്നുള്ളത് പോസിറ്റീവ് ആയിട്ടുള്ള ഒന്നാവാം. Latent inhibition ന്റെ അപര്യാപ്തത ചിലയവസരങ്ങളിൽ മനോരോഗത്തിനു കാരണമാകുമ്പോൾ മറ്റു ചിലപ്പോൾ സർഗ്ഗപരമായ നൈപുണ്യത്തിലേക്ക് നയിക്കുന്നു.

മനോരോഗികളുടെ അടുത്ത ബന്ധുക്കളിൽ സർഗ്ഗപരമായ കഴിവുകളും അഭിരുചിയും കാണപ്പെടുന്നുവെന്ന് കുടുംബപരമായി നടത്തപ്പെട്ട പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ജീൻ മ്യൂട്ടേഷൻ എന്ന പ്രക്രിയ സ്കീസോഫ്രീനിയ, ഉന്മാദ-വിഷാദരോഗം എന്നിവക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നതായി ജനിതക പഠനങ്ങളിൽ നിന്നും തെളിയുന്നു. ന്യൂറഗുലിൻ-1 എന്ന ജീൻ സ്കീസോഫ്രീനിയയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. ഈ ജീനിനു സംഭവിക്കുന്ന മ്യൂട്ടേഷൻ മതിഭ്രമം, ഓർമ്മക്കുറവ് എന്നിവക്ക് കാരണമാകുന്നു. ഏകദേശം



50% ആരോഗ്യവാന്മാരായ യൂറോപ്യരിലും ഇതിന്റെ ഒരു കോപ്പി മ്യൂട്ടേഷൻ കാണപ്പെടുമ്പോൾ 15% പേരിൽ ഇതിന്റെ രണ്ടു കോപ്പി മ്യൂട്ടേഷൻ കാണപ്പെടുന്നു. രണ്ടു കോപ്പി മ്യൂട്ടേഷൻ ഉള്ളവരിൽ ഒരു കോപ്പി മ്യൂട്ടേഷൻ ഉള്ളവരിലേതിനേക്കാൾ സർഗ്ഗശക്തിയിൽ കാര്യമായ വർദ്ധനവ് ഉള്ളതായി കാണാം. അതേ സമയം ഒരു കോപ്പി മ്യൂട്ടേഷൻ ഉള്ളവരിൽ മ്യൂട്ടേഷൻ തീർത്തും ഇല്ലാത്തവരെക്കാൾ സർഗ്ഗശക്തി വളരെ കൂടുതലുമാണ്. ഈ പഠനങ്ങളെല്ലാം ചൂണ്ടിക്കാണിക്കുന്നത് സർഗ്ഗശക്തിയും മാനസികരോഗങ്ങളും ഒരേ ജീനിൽ വിവിധ വൈരൂപ്യങ്ങൾ സംഭവിക്കുമ്പോൾ ഉണ്ടാകുന്നു എന്നാണ്.

## സർഗ്ഗശക്തി മനോരോഗത്തിനു കാരണമാകുന്നുവോ?

നോബൽ സമ്മാന ജേതാക്കളിലും പുലിറ്റ്സർ സമ്മാന ജേതാക്കളിലും മറ്റു ഉയർന്ന സർഗ്ഗശക്തിയുള്ള വ്യക്തികളിലും പഠനം നടത്തിയ ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ സൈക്യാട്രിസ്റ്റ് ആൽബർട്ട് റൂഥൻബർഗിന്റെ അഭിപ്രായത്തിൽ മനോരോഗവും യഥാർത്ഥ സർഗ്ഗശേഷിയും തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ല എന്നാണ്. മാത്രമല്ല ഉത്കണ്ഠ, വിഷാദം എന്നിവ സർഗ്ഗശക്തിയ്ക്കാവശ്യമായ വൈകാരിക പ്രക്രിയകളെ തകർത്തുകളയുമെന്നും അദ്ദേഹം പറയുന്നു. ഉയർന്ന സർഗ്ഗശക്തിയുള്ള വ്യക്തികളിൽ അവരുടെ മനോരോഗങ്ങൾ ചികിത്സിക്കപ്പെടുമ്പോൾ സർഗ്ഗശക്തി കൂടുതൽ മെച്ചപ്പെടുകയും ചെയ്യുന്നു.

## കലയുടെ മേഖലയും മനോരോഗത്തിന്റെ വ്യാപ്തിയും

പഠനങ്ങൾ സൂചിപ്പിക്കുന്നത് കലാപരമായ മേഖലകളിൽ സർഗ്ഗശക്തിയുള്ളവർക്ക് ശാസ്ത്രം, ബിസിനസ് തുടങ്ങിയ മേഖലകളിലെ സർഗ്ഗശക്തിയുള്ളവരിലേതിനേക്കാൾ കൂടുതൽ മനോരോഗ സാധ്യത ഉണ്ട് എന്നാണ്. 1,629 എഴുത്തുകാരിൽ നടത്തപ്പെട്ട ഒരു പഠനത്തിൽ കവികളിൽ പ്രത്യേകിച്ചും കവയിത്രികളിൽ കഥ എഴുത്തുകാരിലേക്കാളും നാടകരചയിതാക്കളേക്കാളും ആത്മഹത്യാശ്രമം, മനോരോഗം മൂലമുള്ള ആശുപത്രി ചികിത്സ തുടങ്ങിയവ കൂടുതലായി ഉണ്ടായിരുന്നുവെന്ന് കൗഫ്മാനിന്റെ പഠനങ്ങൾ സൂചിപ്പിക്കുന്നു. 520 മഹനീയരായ അമേരിക്കൻ സ്ത്രീകളിൽ പഠനം നടത്തിയപ്പോൾ കവികളിൽ പത്രപ്രവർത്തകരിലേതിനേക്കാളും ദൃശ്യകലാകാരന്മാരിലേതിനേക്കാളും രാഷ്ട്രീയ പ്രവർത്തകരിലേതിനേക്കാളും നടികളിലേതിനേക്കാളും കൂടുതലായി മനോരോഗമുണ്ടെന്നും കൗഫ്മാൻ കണ്ടെത്തി.

സർഗ്ഗശക്തിയുള്ളവർ - പ്രത്യേകിച്ചും കവയത്രികൾ - വ്യക്തിബന്ധങ്ങൾ പോലുള്ള ബാഹ്യമായ പ്രചോദനങ്ങൾക്ക് കൂടുതൽ വശംവദരാണെങ്കിൽ അവരിൽ മനോരോഗ സാധ്യത കൂടിയിരിക്കും. അത്തരം ബാഹ്യഘടകങ്ങൾ കവയത്രിയുടെ മാനസിക ആരോഗ്യത്തിനു ഹാനിവരുത്തിയേക്കാം, കാരണം ഉയർന്ന സർഗ്ഗശക്തിക്ക് സാമാന്യജനത്തിന്റെ സാധാരണ ചിന്തകളെ ധിക്കരിക്കപ്പെടേണ്ടതും മറ്റുള്ളവർ എന്തു കരുതും എന്ന മനോഭാവത്തെ അവഗണിക്കപ്പെടേണ്ടതുമാണ്. മറ്റൊരു നിരീക്ഷണം കല, സാഹിത്യം, സംഗീതം എന്നീ മേഖലകളിൽ സമൂഹത്തിലെ ഇതര മേഖലകളേക്കാൾ മനോരോഗങ്ങളോടുള്ള സഹിഷ്ണുത വളരെ കൂടുതലായി കാണപ്പെടുന്നു എന്നതാണ്.



# മനോരോഗത്തിനു അടിമപ്പെട്ടിരുന്ന മഹാന്മാർ

**വിഖ്യാതരായപല മഹാന്മാരുടെയും സ്വന്തം ലേഖനങ്ങളിൽനിന്നും, കത്തുകളുടെ വ്യാഖ്യാനങ്ങളിൽനിന്നും, അപഗ്രഥനങ്ങളിൽനിന്നും, ഡയറികളിൽനിന്നും, പുസ്തകങ്ങളിലെ ചിത്രങ്ങളിൽനിന്നും, കുടുംബാഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ എഴുത്തുകൾ, പ്രസ്താവനകൾ എന്നിവകളിൽ നിന്നും ലഭിക്കപ്പെട്ട തെളിവുകളുടെ അടിസ്ഥാനത്തിൽ പല പ്രതിഭകളേയും മനോരോഗം ബാധിക്കപ്പെട്ടിരുന്നതായി വിശ്വസിക്കപ്പെടുന്നു. അവയുടെ ഒരു പട്ടിക താഴെ പറയുന്നു.**

## ഉൻമാദ-വിഷാദ രോഗം



*ലുഡ്‌വിക് വാൻ ബീഥോവൻ*

- ലുഡ്‌വിക് വാൻ ബീഥോവൻ (ഗാനരചയിതാവ്) അദ്ദേഹത്തിന്റെ മുടികളിൽ നടത്തപ്പെട്ട ശാസ്ത്രീയ പരിശോധനയിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിഷാദരോഗത്തിന് കാരണം ലെഡ് വിഷബാധയായിരിക്കാമെന്ന് അനുമാനിക്കപ്പെടുന്നു.
- സർ ഐസക് ന്യൂട്ടൻ (വിഖ്യാത ശാസ്ത്രജ്ഞൻ)
- ഫ്ളോറൻസ് നൈറ്റിംഗേൽ (നഴ്സ്) തന്റെ കൗമാരകാലഘട്ടത്തിലും ഇരുപതാം വയസ്സിലും പലതവണ കഠിനമായ വിഷാദരോഗത്തിനു അടിമപ്പെടുകയുണ്ടായി.
- സിഡ്നീ ഷെൽഡൻ (പ്രൊഡ്യൂസർ, എഴുത്തുകാരൻ) തന്റെ ആത്മകഥയായ 'The other side of me' യിൽ താൻ ഉന്മാദ-വിഷാദ രോഗത്തിനു ഇരയായിരുന്നുവെന്ന് എഴുതപ്പെടുകയുണ്ടായി.
- എബ്രഹാം ലിങ്കൺ (മുൻ യു.എസ്. പ്രസിഡണ്ട്)
- തിയോഡോർ റൂസ്‌വെൽറ്റ് (മുൻ യു.എസ്. പ്രസിഡണ്ട്)
- വിൻസ്റ്റൺ ചർച്ചിൽ (മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി)
- അലക്സാണ്ടർ ഗ്രഹാംബെൽ (ടെലഫോൺ കണ്ടുപിടിച്ചു)

## വിഷാദരോഗം

- പർവീൻ ബാബി (ബോളിവുഡ് നടി)
- ഇംഗ്മാർ ബർഗ്മാൻ (സ്വീഡനിലെ ഫിലിം ഡയറക്ടർ)
- ഡേവിഡ് ബോം (ബ്രിട്ടീഷ് ഊർജ്ജതന്ത്രജ്ഞൻ)
- റോബർട്ട് ബർട്ടൻ (The Anatomy of Melancholy യുടെ രചയിതാവ്)
- അഗതാ ക്രിസ്റ്റി (ഇംഗ്ലീഷ് ക്രൈം എഴുത്തുകാരൻ)
- ചാൾസ് ഡിക്കൻസ് (ബ്രിട്ടീഷ് എഴുത്തുകാരൻ)



- ടി.എസ്. എലിയറ്റ് (അമേരിക്കൻ കവി)

- ആനി ഹാത്ത്‌വേ (അമേരിക്കൻ നടി)
- ഏണസ്റ്റ് ഹെമിംഗ്‌വേ
  (അമേരിക്കൻ എഴുത്തുകാരൻ)
- ജോൺ കീറ്റ്സ് (ബ്രിട്ടീഷ് കവി)
- അകിര കുറോസോവ
  (ജപ്പാനിലെ ഫിലിം ഡയറക്ടർ)
- മാർട്ടിൻ ലൂതർ (ജർമൻ പുരോഹിതൻ, ദൈവശാസ്ത്ര പണ്ഡിതൻ)
- മൈക്കലാഞ്ചലോ
  (ഇറ്റാലിയൻ ചിത്രകാരൻ, ശിൽപി)
- സിൽവിയ പ്ലാത്ത്
  (അമേരിക്കൻ എഴുത്തുകാരൻ)
- ബ്രൂക്ക് ഷീൽസ് (അമേരിക്കൻ നടി)
- ലിയോ ടോൾസ്റ്റോയി
  (റഷ്യൻ എഴുത്തുകാരൻ)
- മാർക്ക് ട്വയിൻ
  (അമേരിക്കൻ എഴുത്തുകാരൻ)
- വിർജിനിയ വുൾഫ്, അഡലിൻ വെർജിനിയ സ്റ്റീഫൻ
  (ബ്രിട്ടീഷ് നോവലിസ്റ്റ്)
- മെർലിൻ മൻഡ്രോ
  (അമേരിക്കൻ സിനിമാതാരം)

**സ്കീസോഫ്രീനിയ**

- ബോബി ഫിഷർ
  (ലോക ചെസ് ചാമ്പ്യൻ)
- വഷിസ്റ്റ് നാരായൺ
  (ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞൻ)

**ബുളിമിയ നെർവോസ**



- ഡയാനാ രാജകുമാരി
  (യു.കെ. രാജകുമാരി)

**അൽഷിമേഴ്സ് രോഗം**

- റൊനാൾഡ് റീഗൻ
  (മുൻ യു.എസ്. പ്രസിഡണ്ട്)


**ആശുപത്രികളുടെ ശ്രദ്ധയ്ക്ക്**

**നമ്മുടെ ആരോഗ്യം മാസിക**

**കേരളത്തിലെ എല്ലാ പ്രമുഖ ആശുപത്രികളിലും ലഭിക്കുന്നു**

**വിവരങ്ങൾക്ക് വിളിക്കുക:**

**ഫോൺ: 94000 12600**

**ഇ-മെയിൽ: naarogyam@gmail.com**